1. ഇ.ബി. XIII-കേരള നിയമസഭ/XI-14

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂൺ 26, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തര പ്രമേയം

### കടകംപള്ളി-കളമശ്ശേരി ഭൂമിതട്ടിപ്പ് കേസ്

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ മുൻഗൺമാൻ സലിംരാജ് പ്രതിയായ കടകംപള്ളി -കളമശ്ശേരി ഭൂമിതട്ടിപ്പ് കേസ് അന്വേഷിക്കുന്നതിന് സർക്കാർ സഹായിക്കുന്നില്ലെന്ന് കാണിച്ച് സി.ബി.ഐ. ഹൈക്കോടതിയിൽ ഹർജി നൽകേണ്ടിവന്ന സാഹചര്യവും ആവശ്യമായ സൗകര്യങ്ങളും ഉദ്യോഗസ്ഥരെയും നൽകാതെ സി.ബി.ഐ അന്വേഷണം അട്ടിമറിക്കാൻ

ശ്രമിച്ചുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷവും സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ശിവൻകുട്ടി, വി. എസ്. സുനിൽകുമാർ, മാത്യൂ റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കടകംപള്ളി-കളമശ്ശേരി ഭൂമിതട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് സി.ബി.ഐ. ആവശ്യപ്പെട്ട എല്ലാ സൗകര്യങ്ങളും സർക്കാർ ചെയ്തുകൊടുത്തിട്ടുണ്ട്. സി.ബി.ഐ.യുടെ കൗൺസിൽ പിൻവലിച്ചതും ഹൈക്കോടതിയുടെ പരിഗണനയിലില്ലാത്തതുമായ കാര്യമാണ് ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കുന്നത്. സി.ബി.ഐ. അന്വേഷണത്തിന് എല്ലാവിധ സഹായവും നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. വി. ശിവൻകുട്ടി: മുഖ്യമന്ത്രിയുടെ മുൻഗൺമാൻ സലിംരാജ് പ്രതിയായ കടകംപള്ളി-കളമശ്ശേരി ഭൂമിതട്ടിപ്പുകേസ് സംബന്ധിച്ച സി.ബി.ഐ. അന്വേഷണം അട്ടിമറിക്കുന്നതിനും കേസ് മരവിപ്പിക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. ഈ കേസ്സിന്റെ തുടക്കം മുതൽ പ്രതികൾക്കനുകൂലമായ നിലപാടാണ് മുഖ്യമന്ത്രിയും ഓഫീസും സ്വീകരിച്ചുവരുന്നത്. കടകംപള്ളി ഭൂമിതട്ടിപ്പ് കേസ് സംബന്ധിച്ച് ഹൈക്കോടതി നിർദ്ദേശപ്രകാരം റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി തയ്യാറാക്കിയ റിപ്പോർട്ടിന്മേലും വ്യാജ തണ്ടപ്പേരുപയോഗിച്ച് തട്ടിപ്പ് നടത്തിയതായി

കണ്ടെത്തിയ വിജിലൻസ് എൻക്വയറി റിപ്പോർട്ടിന്മേലും സർക്കാർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഭൂമിതട്ടിപ്പ് കേസ്സുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കും ഓഫീസിനുമെതിരെ നിശിതമായ വിമർശനങ്ങളാണ് ഹൈക്കോടതിയിൽ നിന്നുണ്ടായത്. കളമശ്ശേരി ഭൂമിതട്ടിപ്പുകേസ്സുമായി ബന്ധപ്പെട്ട് സി.ബി.ഐ. ചോദ്യം ചെയ്യാനിരുന്ന ഡെപ്യൂട്ടി കളക്ടർ പ്രസന്നകുമാറിന്റെ ദുരൂഹമരണം അന്വേഷിക്കുന്നതിന് നടപടിയുണ്ടാകണം. സി.ബി.ഐ. ആവശ്യപ്പെട്ട വിജിലൻസ് ഉദ്യോഗസ്ഥരെയും മറ്റ് സൗകര്യങ്ങളും നൽകാതെ അന്വേഷണം അട്ടിമറിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. അതീവഗുരുതരമായ ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സി.ബി.ഐ.-ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗവൺമെന്റ് ഒരു വിട്ടുവീഴ്ചയും കാണിച്ചിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് സി.ബി.ഐ.-യിൽനിന്ന് പരാതിയൊന്നും ഗവൺമെന്റിന് ലഭിച്ചിട്ടില്ല. മുൻ വിജിലൻസ് സർക്കിൾ ഇൻസ്പെക്ടറുടെ സേവനം സി.ബി.ഐ. ആവശ്യപ്പെട്ടപ്പോഴെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. വിവാദ ഭൂമിയുടെ നികുതി ഒടുക്കുന്നതിലുള്ള എ.ജി.-യുടെ കണ്ടെത്തൽ ന്യായമാണ്. ഈ കേസിൽ സി.ബി.ഐ.-ക്കുവേണ്ട എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കും. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്യുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം

ശ്രീ. അൻവർ സാദത്ത്: യുവതലമുറയുടെ മദ്യ മയക്കുമരുന്ന് ഉപഭോഗം ഗുരുതരമായ സാമൂഹിക ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മദ്യപാനികളുള്ള സംസ്ഥാനം കേരളമാണ്. ലഹരിവസ്തുക്കളുടെ അമിത ഉപഭോഗംമൂലം കുട്ടികളിൽ സ്വഭാവവൈകല്യം, രോഗങ്ങൾ, കുറ്റകൃത്യങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങൾ വർദ്ധിച്ചുവരികയാണ്. ഉപഭോക്താക്കളുടെ ആവശ്യാനുസരണം മദ്യവിൽപ്പനയിൽ വൻവർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അന്യസംസ്ഥാനത്തൊഴിലാളികളിൽ ഭൂരിഭാഗവും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്നതിനുപുറമെ സ്വന്തം സ്ഥലങ്ങളിൽ

നിന്നും മദ്യവും മയക്കുമരുന്നും കൊണ്ടുവരുന്ന സ്ഥിതിവിശേഷവും നിലവിലുണ്ട്. സർക്കാർ ആവിഷ്കരിച്ച 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' എന്ന പദ്ധതി കുട്ടികളിലെ ലഹരിപദാർത്ഥങ്ങളുടെ ഉപഭോഗത്തെ ഗണ്യമായി കുറയ്ക്കുന്നതിന് ഉപകരിക്കും. മദ്യവിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്നതിനുപുറമെ ഓരോ വർഷവും ഇതിനായി തുക വർദ്ധിപ്പിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കണം. ന്യൂ ജനറേഷൻ സിനിമകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ചിത്രീകരിക്കുന്നത് തടയാൻ നടപടി സ്വീകരിക്കണം. ഘട്ടംഘട്ടമായി കേരളത്തിൽ മദ്യനിരോധനം നടപ്പാക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ശക്തമായ ബോധവൽക്കരണപ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി സർക്കാർ-സർക്കാരിതര ഡീ-അഡിക്ഷൻ സെന്ററുകൾക്ക് കെ.എസ്.ബി.സി.യുടെ സി.എസ്.ആർ ഫണ്ടിൽനിന്നും സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. മയക്കുമരുന്നുകളുടെയും മറ്റ് ലഹരി വസ്തുക്കളുടെയും

അനധികൃത ഉൽപ്പാദനം, വിൽപ്പന എന്നിവയ്ക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്. അട്ടപ്പാടി ആദിവാസി മേഖലയിൽ ജനമൈത്രി എക്സൈസ് എന്ന പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പുകയില ഉൽപ്പന്നങ്ങളും വിൽപ്പനകേന്ദ്രങ്ങളും പരിശോധിച്ച് കേസ് ചാർജ് ചെയ്യുന്നതിനുള്ള അധികാരം എക്സൈസ് ഉദ്യോഗസ്ഥർക്കുകൂടി നൽകുന്നതിന് ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുകയാണ്. മദ്യപാനത്തിന്റെ ദോഷഫലത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകാതെ പ്രദർശിപ്പിക്കുന്ന സിനിമകൾക്കെതിരെ കേസെടുത്തിട്ടുണ്ട്. മദ്യ ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണത്തിനായി സെലിബ്രിറ്റീസിനെ ഉപയോഗിച്ച് കൂടുതൽ പ്രചരണപരിപാടികൾ സംഘടിപ്പിക്കുന്നതാണ്. ലഹരി വിരുദ്ധ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കാനും ഏകോപിപ്പിക്കാനുമായി സംസ്ഥാനതലത്തിൽ വിദഗ്ദ്ധോപദേശ സമിതി രൂപീകരിക്കുന്നതാണ്. കെ.എസ്.ബി.സി.യുടെ സാമൂഹിക പ്രതിബദ്ധത ഉറപ്പുവരുത്തുന്നതിനും ബോധവൽക്കരണത്തിനും പുനരധിവാസത്തിനുംവേണ്ടി സർക്കാർ കൂടുതൽ ഫണ്ട് ചെലവഴിക്കുന്നതാണ്. നാർക്കോട്ടിക്സ് ഡ്രഗ്സ് ആന്റ് സൈക്കോട്രോഫിക് സബ്സ്റ്റൻസ്

(എൻ.ഡി.പി.എസ്സ്) ആക്ടിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് സമൂഹം ഒറ്റക്കെട്ടായി നിൽക്കണം.

## (2) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനം

ശ്രീ. എം. ചന്ദ്രൻ: നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ച് സംസ്ഥാന വ്യാപകമായി നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വിവിധ വകുപ്പ് ഉദ്യോഗസ്ഥർ ഒത്താശ ചെയ്യുകയാണ്. ഈ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ മുന്നോട്ടുവരുന്നില്ല. കുന്നുകളും നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താൻ ഉപയോഗിക്കുന്ന ജെ.സി.ബി.-യുടെ പെരുപ്പം നിയന്ത്രിച്ച് അവശേഷിക്കുന്ന കുന്നുകൾ സംരക്ഷിക്കാൻ നടപടിയുണ്ടാകണം. നെൽകൃഷി ചെയ്യാനുള്ള ഭൂമി മാത്രമുള്ള ഉടമയ്ക്ക് പത്ത് സെന്റ് ഭൂമി ഗ്രാമപ്രദേശത്തും അഞ്ച് സെന്റ് ഭൂമി പട്ടണപ്രദേശത്തും വീട് വയ്ക്കുന്നതിന് ഇളവ് അനുവദിക്കാൻ അധികാരമുള്ള പ്രാദേശിക/ജില്ലാതല സമിതികളുടെ പ്രവർത്തനം ഇന്ന് നിർജ്ജീവമാണ്. നെൽവയലുകൾ നികത്തി ഷോപ്പിംഗ് കോംപ്ലക്സുകൾ, കെട്ടിടങ്ങൾ എന്നിവ

നിർമ്മിക്കാൻ പഞ്ചായത്ത് അധികാരികൾ അംഗീകാരം നൽകി ഈ നിയമത്തെ നോക്കുകുത്തിയാക്കിയിരിക്കുകയാണ്. ഡാറ്റാ ബാങ്ക് തയ്യാറാക്കാത്ത ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച് പരിശോധിക്കാനും 1967-ലെ ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം പരിധിയില്ലാതെ നിലം നികത്തലിന് ആർ.ഡി.ഒ.-മാർ അനുമതി നൽകുന്ന സാഹചര്യത്തിൽ പ്രസ്തുത ഓർഡർ റദ്ദാക്കാനും നടപടി സ്വീകരിക്കണം. 2008-നുശേഷം സംസ്ഥാനത്ത് നടന്ന നിലം നികത്തലിനെ സംബന്ധിച്ച് സർവ്വേ നടത്താനും 2008-ലുണ്ടായിരുന്ന നെൽവയലുകൾ പൂർവ്വസ്ഥിതിയിൽ കൊണ്ടുവരാനും അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ജില്ലാതല അധികൃത സമിതികളും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ അടിസ്ഥാനപ്പെടുത്തി പ്രാദേശിക നിരീക്ഷണ സമിതികളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നുണ്ട്. നിയമം നിലവിൽ വരുന്നതിനുമുമ്പ്

നികന്നുപോയതും നെല്ല് ഒഴികെയുള്ള വിളകൾ കൃഷി ചെയ്യുന്നതുമായ ഭൂമിയാണ് 1967-ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനായി ആർ.ഡി.ഒ. അനുമതി നൽകുന്നത്. നികത്തിയ നെൽവയലുകൾ റെഗുലറൈസ് ചെയ്യണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ നിരവധി കേസ്സുകൾ വന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ്സുകളിന്മേലുള്ള ഹൈക്കോടതി ഉത്തരവുകൾ നടപ്പാക്കുകയാണ് 1967-ലെ ഓർഡർ പ്രകാരം ആർ.ഡി.ഒ.-മാർ ചെയ്തിരിക്കുന്നത്. 1967-ലെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ റദ്ദാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. 2008-നുശേഷം നികത്തിയ നെൽവയലുകൾ പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചിട്ടുണ്ട്.

**സബ്മിഷൻ**

## (1) <u>എം.പി.യുടെ വീടിനുനേരെയുണ്ടായ ആക്രമണം</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി. എസ്. അച്യുതാനന്ദൻ):</u> കൊല്ലം പാർലമെന്റ് അംഗം ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ വീടിനുനേരെ നടന്ന ആക്രമണവുമായി ബന്ധപ്പെട്ട കേസന്വേഷണം പൂർത്തിയാക്കുന്നതിനോ പ്രതികളെ

കണ്ടെത്തുന്നതിനോ കഴിയാത്ത സാഹചര്യത്തിൽ പോലീസ് കൈക്കൊണ്ടിട്ടുള്ള നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കണം. സത്യാവസ്ഥ വെളിച്ചത്തുകൊണ്ടുവരുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കൊല്ലം പാർലമെന്റ് അംഗം ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ വീടിനുനേരെ 06-06-2014-ന് വൈകുന്നേരം ആറ് മണിക്കും 07-06-2014-ന് രാവിലെ ഏഴ് മണിക്കും ഇടയ്ക്കുള്ള സമയത്ത് അതിക്രമിച്ച് കയറി ജനൽ ഗ്ലാസ്സ് കല്ലെറിഞ്ഞ് തകർക്കുകയും എം.പി.ക്ക് മാനഹാനി വരത്തക്കവിധവും ഭീഷണിപ്പെടുത്തുന്ന തരത്തിലുമുള്ള പോസ്റ്ററുകൾ മതിലിൽ എഴുതി ഒട്ടിക്കുകയും ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് എം.പി.യുടെ ഓഫീസ് ജീവനക്കാരന്റെ പരാതി പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കൊല്ലം ഈസ്റ്റ് പോലീസ് അന്വേഷണം നടത്തി വരികയാണ്. നിരവധി ആളുകളെ ചോദ്യം ചെയ്യുകയും സയന്റിഫിക് അസിസ്റ്റന്റ്, ഡോഗ് സ്ക്വാഡ്, പോലീസ് ഫോട്ടോഗ്രാഫർ, സൈബർ സെൽ എന്നീ വിഭാഗങ്ങളുടെ സേവനം

ഉപയോഗപ്പെടുത്തി തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. സംഭവസ്ഥലത്തുനിന്ന് കണ്ടെടുത്ത തൊണ്ടി സാധനങ്ങൾ ഫോറൻസിക് ലാബിൽ പരിശോധനയ്ക്ക് അയയ്ക്കുകയും സമീപ പ്രദേശത്തെ മൊബൈൽ ടവറുകൾ കേന്ദ്രീകരിച്ച് ഫോൺ കോളുകളുടെ വിവരം ശേഖരിച്ചും സംശയാസ്പദമായ ആളുകളുടെ മൊഴി രേഖപ്പെടുത്തിയും പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തിവരികയാണ്. കൊല്ലം ജില്ലാ പോലീസ് മേധാവി, കൊല്ലം എ.സി.പി. തുടങ്ങിയ ഉന്നത ഉദ്യോസ്ഥർ സംഭവസ്ഥലം സന്ദർശിച്ച് അന്വേഷണത്തിന് നേതൃത്വം നൽകിയിട്ടുണ്ട്. പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

## (2) പാലോട് റ്റി.ബി.ജി.ആർ.ഐ.-യിലെ പ്രശ്നങ്ങൾ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: പാലോട് റ്റി.ബി.ജി.ആർ.ഐ. നേരിടുന്ന പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിനും ഒമ്പതാം ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കാനും ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള ടെക്നിക്കൽ ഓഫീസർമാർക്ക് ഫാസ്റ്റ് ട്രാക്ക് പ്രൊമോഷൻ നൽകാനും അനധികൃത നിയമനങ്ങൾ തടയാനും നടപടി സ്വീകരിക്കണം. താൽക്കാലികാടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാരന് സ്ഥിരനിയമനം നിഷേധിച്ചതിന്റെ കാരണം

വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): റ്റി.ബി.ജി.ആർ.ഐ.-യെ കേന്ദ്ര സ്ഥാപനമാക്കി ഉയർത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഒമ്പതാം ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് എത്രയും വേഗം തീരുമാനമെടുക്കുന്നതാണ്. താൽക്കാലികാടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാരന് വേക്കൻസി വരുന്നമുറയ്ക്ക് സ്ഥിര നിയമനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. പരാതിക്കതീതമായ പ്രവർത്തനങ്ങളിലൂടെ ഈ സ്ഥാപനത്തെ ദേശീയ നിലവാരത്തിലേക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (3) ചൂണ്ടാലിപ്പുഴ ഇറിഗേഷൻ പദ്ധതി

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ മീനങ്ങാടി പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചൂണ്ടാലിപ്പുഴ ഇറിഗേഷൻ പദ്ധതി ഒഴിവാക്കാനും പ്രദേശവാസികളുടെ ആശങ്കയ്ക്ക് പരിഹാരം കാണാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കാവേരി വാട്ടർ ഡിസ്പ്യൂട്ട്സ് ട്രൈബ്യൂണലിന്റെ അവാർഡിലെ വ്യവസ്ഥകൾ പ്രകാരം കേരളത്തിനനുവദിച്ച ജലവിഹിതം പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ചൂണ്ടാലിപ്പുഴ പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുള്ള 1.31 ടി.എം.സി. ജലം ജലസേചനം, കുടിവെള്ളം, എന്നീ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തണമെന്നും ചെറുകിട ജലവൈദ്യുത ഉല്പാദനം നടത്തണമെന്നുമാണ് വിഭാവന ചെയ്തിട്ടുള്ളത്. കൃഷിഭൂമി വെള്ളത്തിനടിയിൽ മുങ്ങിപ്പോകാതിരിക്കത്തക്കവിധത്തിൽ ചെറിയ ഡാമുകളുണ്ടാക്കി ചെക്ക് ഡാമിന് സമാനമായ രീതിയിൽ പദ്ധതി വിജയകരമാക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. കർഷകരുടെ ആശങ്ക കണക്കിലെടുത്ത് മാത്രമേ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയുള്ളൂ.

## (4) ഐ.എച്ച്.ആർ.ഡി.യുടെ കോളേജിന് സ്വന്തമായി കെട്ടിടം

ശ്രീ. എ. കെ. ബാലൻ: തരൂർ നിയോജകമണ്ഡലത്തിലെ കോട്ടായി പഞ്ചായത്തിലെ ഐ.എച്ച്.ആർ.ഡി.യുടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കോട്ടായി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ട് 0.3635 ഹെക്ടർ സ്ഥലത്ത് കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കെട്ടിടം നിർമ്മിക്കാൻ ഐ.എച്ച്.ആർ.ഡി.ക്ക് അനുമതി നൽകി ഉത്തരവായതുപ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്, ഡ്രോയിംഗ് തുടങ്ങിയവ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (5) വൈക്കത്ത് ഡിവൈ.എസ്.പി. ഓഫീസ്

ശ്രീ. കെ. അജിത്: വൈക്കം കേന്ദ്രമായി ഒരു ഡിവൈ.എസ്.പി. ഓഫീസും വെച്ചൂർ, വെല്ലൂർ, കല്ലറ, തലയാഴം എന്നീ പഞ്ചായത്തുകളെയും കുമരകം പ്രദേശത്തിന്റെ ചില ഭാഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് പുതിയ പോലീസ് സ്റ്റേഷനും ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പാലാ സബ്ഡിവിഷനിൽ നിലവിൽ അഞ്ച് സർക്കിളുകളും പതിനൊന്ന് പോലീസ്

സ്റ്റേഷനുകളും മൂന്ന് ഔട്ട്പോസ്റ്റുകളുമാണുള്ളത്. വൈക്കം പോലീസ് സ്റ്റേഷൻ പരിധിയിലെ ചില പ്രദേശങ്ങളിൽനിന്നും പാലാ ഡിവൈ.എസ്.പി. ഓഫീസിലെത്താൻ കൂടുതൽ ദൂരം സഞ്ചരിക്കേണ്ടതുള്ളതുകൊണ്ടും ക്രമസമാധാന പ്രശ്നങ്ങൾ സുഗമമായി പരിഹരിക്കുന്നതിനും ഭരണപരമായ സൗകര്യത്തിനുംവേണ്ടി വിവിധ പോലീസ് സ്റ്റേഷനുകളും സർക്കിളും ക്രമീകരിച്ച് വൈക്കം ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം വകുപ്പുതലത്തിൽ പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## (6) റോസ്മല പ്രദേശത്തെ ആര്യങ്കാവ് വില്ലേജിന്റെ പരിധിയിൽ ഉൾപ്പെടുത്തൽ

ശ്രീ. കെ. രാജു: കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിലെ റോസ്മല പ്രദേശത്തെ ആര്യങ്കാവ് വില്ലേജിന്റെ അധികാരപരിധിയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി തെന്മല പരപ്പാർ ഡാം നിർമ്മിച്ച് ജലസംഭരണം ആരംഭിച്ചതോടെ ഡാമിന്റെ പരിസര പ്രദേശത്തോട് ചേർന്നുവരുന്ന കുളത്തുപ്പുഴ

വില്ലേജിലുൾപ്പെട്ട റോസ്മല പ്രദേശം ഉപരിതല ഗതാഗത ബന്ധം വിച്ഛേദിക്കപ്പെട്ട് ഒറ്റപ്പെട്ട സ്ഥിതിയിലാണ്. പ്രദേശവാസികൾക്ക് കുളത്തൂപ്പുഴ വില്ലേജിലെത്തുന്നതിന് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുന്ന സാഹചര്യം കണക്കിലെടുത്തും റവന്യൂ ഭരണത്തിന്റെ സൗകര്യം മുൻനിർത്തിയും റോസ്മല പ്രദേശത്തെ ആര്യങ്കാവ് വില്ലേജിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (7) കെ.പി.എസ്.റ്റി.യു. വിന്റെ ആവശ്യങ്ങൾ

ശ്രീ. സി. പി. മുഹമ്മദ്: കെ.പി.എസ്.റ്റി.യു. അദ്ധ്യാപക സംഘടന ഉന്നയിച്ചിരിക്കുന്ന വിവിധ ആവശ്യങ്ങളും അദ്ധ്യാപക പാക്കേജിലുള്ള അപാകതകളും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കെ.പി.എസ്.റ്റി.യു. സമർപ്പിച്ച നിവേദനത്തിലെ നിർദ്ദേശങ്ങൾ പരിശോധിക്കുകയും അധിക അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള അദ്ധ്യാപകരെ നിലനിർത്തുന്നതിനായി അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സർക്കാർ എയ്ഡഡ്

സ്കൂളുകളിൽ 1:30, 1:35 എന്ന ക്രമത്തിൽ കണക്കാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 2014-15-ലെ തസ്തിക നിർണ്ണയം പൂർത്തിയാകുമ്പോൾ പുറത്താകുന്ന അദ്ധ്യാപകരെ നിലനിർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സാമ്പത്തിക ബാധ്യതയും പ്രായോഗികവശങ്ങളും കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്. ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരുടെ വിവിധ പ്രശ്നങ്ങൾ പരിശോധിക്കുന്നതും സർക്കാർ നിർദ്ദേശം അനുസരിക്കാത്ത വിദ്യാഭ്യാസ ഓഫീസർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്. ആർ.എം.എസ്.എ. വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ട്രഷറിവഴി ശമ്പളം വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. യൂണിഫോം വിതരണം നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (8) എളനാട് ഗ്രാമപഞ്ചായത്ത് രൂപീകരണം

ശ്രീ. കെ. രാധാകൃഷ്ണൻ: ചേലക്കര, പഴയന്നൂർ ഗ്രാമപഞ്ചായത്തുകളെ വിഭജിച്ച് പുതിയ എളനാട് ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

2015-ലെ ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പിനു മുന്നോടിയായി പഞ്ചായത്ത് വിഭജനം നടത്തുന്നതിനായി 10/06/2014-ലെ ഉത്തരവു പ്രകാരം പഞ്ചായത്ത് ഡയറക്ടർ കൺവീനറായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## (9) കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: വയനാട് ജില്ലയിലെ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുകയും കേന്ദ്ര ഗവൺമെന്റിന്റെ പുതിയ മാനദണ്ഡങ്ങൾ പ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് നിലപാട് വ്യക്തമാക്കുകയും ചെയ്യണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): വയനാട് ജില്ലയിൽ 2014-ലെ വേനൽമഴയിൽ കൃഷിനാശം സംഭവിച്ചവർക്ക് 12 കോടി രൂപയാണ് നഷ്ടപരിഹാരമായി നൽകാനുള്ളത്. 2012-13-ലെ വരൾച്ചാ ദുരിതാശ്വാസമായി ലഭിച്ച തുക വിതരണം ചെയ്തിട്ടുള്ളതും ബാക്കിതുക ഉടൻതന്നെ വിതരണം ചെയ്യുന്നതുമാണ്. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്ന് നൽകിവരുന്ന നഷ്ടപരിഹാരം 01.04.2012 മുതൽ പുനർനിർണ്ണയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ദുരന്തപ്രതികരണ നിധിയിൽനിന്ന് അനുവദിക്കുന്ന

തുക വർദ്ധിപ്പിക്കണമെന്നും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അനുമതി നൽകണമെന്നുമാവശ്യപ്പെട്ട് 14-ാം ധനകാര്യ കമ്മീഷൻ മുമ്പാകെ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ലീസ് ലാന്റിൽ കൃഷിചെയ്യുന്നവരെയും ഇടിമിന്നൽമൂലം കൃഷിനാശം സംഭവിക്കുന്നവരെയും സ്റ്റേറ്റ് ക്രോപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (10) തോട്ടം തൊഴിലാളികളുടെ പുനരധിവാസം

ശ്രീമതി ഇ. എസ്. ബിജിമോൾ: പീരുമേട് തോട്ടം മേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും ഭവനപദ്ധതി നടപ്പിലാക്കുന്നതിനും തോട്ടം ഉടമകളുടെയും തൊഴിൽ - റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുകൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): പീരുമേട് തോട്ടം മേഖലയിലെ അർഹരായ തൊഴിലാളി വിഭാഗങ്ങൾക്ക് റിലീഫ് തുടർന്നും നൽകുന്നതാണ്. സ്ഥലം വിട്ടുനൽകാൻ തയ്യാറാകുന്ന പ്ലാന്റേഷനുകളിൽ ഹൗസിംഗ് പദ്ധതി നടപ്പിലാക്കാനും സ്ഥലം ലഭ്യമാകാത്ത പ്ലാന്റേഷനുകളിലെ തൊഴിലാളികളുടെ ലയങ്ങൾ നന്നാക്കാനും സ്ഥലം കണ്ടെത്തിയാൽ മറ്റ് തോട്ടം മേഖലകളിലേയ്ക്കും ഭവന പദ്ധതി വ്യാപിപ്പിക്കാനും നടപടി സ്വീകരിക്കുന്നതാണ്.

## (11) കെ.എസ്.ഇ.ബി. കരാർ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

ശ്രീ. കെ. മുരളീധരൻ: കെ.എസ്.ഇ.ബി.യിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ജോലി സുരക്ഷിതത്വവും ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):ക്വട്ടേഷൻ/ടെണ്ടർ അടിസ്ഥാനത്തിലാണ് കരാർ തൊഴിലാളികൾ ജോലി ചെയ്യുന്നത്. മൂന്നുലക്ഷം രൂപയിൽ താഴെയുള്ള കോൺട്രാക്ടിലെ തൊഴിലാളികൾക്ക് അപകടം സംഭവിക്കുകയാണെങ്കിൽ വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് അനുസരിച്ച് കെ.എസ്.ഇ.ബി.യും മൂന്നുലക്ഷത്തിൽ കൂടുതലുള്ള കരാറിലെ തൊഴിലാളികൾക്ക് കോൺട്രാക്ടർമാരുമാണ് നഷ്ടപരിഹാരം നൽകേണ്ടതെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്ന മുറയ്ക്ക് കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ പുറത്തുപോകുമെന്നതുകൊണ്ട് അവർക്ക് സ്ഥിരമായി ജോലി കൊടുക്കുകയെന്നത് അപ്രായോഗികമാണ്.

## (12) മുതിർന്ന പൗരൻമാരുടെ പ്രയാസങ്ങൾ

ശ്രീ. ലൂഡി ലൂയിസ്: സ്വകാര്യ ബസ്സുകളിൽ യാത്ര ചെയ്യുന്ന മുതിർന്ന പൗരൻമാർ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കാൻ നടപടി

സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ): ലിമിറ്റഡ് സ്റ്റോപ്പ്, ഓർഡിനറി ബസ്സുകളിലെ 20 ശതമാനം സീറ്റും ഓൺലൈൻ റിസർവേഷൻ സൗകര്യമില്ലാത്ത മറ്റ് ഉയർന്ന ക്ലാസ്സുകളിലെ 5 ശതമാനം സീറ്റുകളും വയോജനങ്ങൾക്കായി നീക്കിവച്ചുകൊണ്ട് കേരള മോട്ടോർ വാഹന ചട്ടം 269(9) ഭേദഗതി വരുത്തി ഉത്തരവിറക്കിയിട്ടുണ്ട്. വാഹന രജിസ്ട്രേഷൻ, ഫിറ്റ്നെസ്സ് ടെസ്റ്റ്, വാഹന പരിശോധന എന്നിവ നടത്തുമ്പോൾ എല്ലാ ബസുകളിലും പ്രസ്തുത സംവരണം സംബന്ധിച്ച് എഴുതി വച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും നെയിം പ്ലേറ്റ് ധരിക്കാത്ത കണ്ടക്ടർമാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ. മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## (13) മസ്ദൂർ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കാസർഗോഡ് ജില്ലയിൽ മസ്ദൂർ തസ്തികയുടെ സാംഗ്ഷൻഡ് സ്റ്റ്രെങ്ത്തായ 189-ൽ 188 പേരും ജോലി ചെയ്യുന്നുണ്ട്. ഒഴിവുള്ള ഒരു തസ്തിക ഉടനെ നികത്തുന്നതാണ്. ലൈൻമാൻമാരുടെ

പ്രൊമോഷൻ സ്റ്റേറ്റ് ലെവലിൽ നടത്തുമ്പോൾ കാസർഗോഡിന്റെ കാര്യവും പരിഗണിക്കുന്നതാണ്.

## (14) സ്പോർട്സ് ക്വാട്ട നിയമനം

ശ്രീ. റ്റി. വി. രാജേഷ്: സംസ്ഥാന സർവ്വീസിലേയ്ക്ക് 2010 മുതലുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങൾ നികത്തുന്നതിന് നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2009 വരെയുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങൾ നികത്തുകയും 2009-ന് ശേഷമുള്ള നിയമനങ്ങൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. കായിക യുവജനക്ഷേമ-പൊതുഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പൊതുഭരണ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച സ്പോർട്സ് ക്വാട്ട മാനദണ്ഡങ്ങൾ പ്രകാരം 2010 മുതലുള്ള നിയമനങ്ങൾക്ക് ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. കേരളത്തിൽനിന്ന് നാഷണൽ ഗെയിംസിൽ പങ്കെടുത്ത് സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടുന്നവർക്ക് 5 ലക്ഷം, 3 ലക്ഷം, 2 ലക്ഷം രൂപ ക്രമത്തിൽ പാരിതോഷികം ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## (15) പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി

<u>ശ്രീ. ഇ. പി. ജയരാജൻ:</u> മട്ടന്നൂർ നിയോജകമണ്ഡലത്തിലെ അരങ്ങോട്ട്പുഴ പാലം, കുളിക്കടവ് പാലം, മണക്കായ്കടവ് പാലം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനും വട്ടോളി പാലത്തിന്റെ നിർമ്മാണത്തിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയാക്കുന്നതിനും ഇടുമ്പ-തൃക്കടാരിപ്പൊയിൽ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ . വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): മട്ടന്നൂർ നിയോജകമണ്ഡലത്തിലെ അരങ്ങോട്ട്പുഴ പാലം നിർമ്മിക്കുന്നതിന് 195 ലക്ഷം രൂപയുടെയും കുളിക്കടവ് പാലത്തിന് 450 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയെങ്കിലും അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടില്ല. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. മണക്കായ്കടവ് പാലത്തിന് ആവശ്യമായ ഭൂമി ലഭ്യമായതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വട്ടോളി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കി വരുന്നു; എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത പണിചെയ്യുന്നതാണ്. ഇടുമ്പ റോഡിനെ സംബന്ധിച്ച് പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

## (16) <u>പാലങ്ങളുടെ പുനർനിർമ്മാണം</u>

ശ്രീ. വി. ശശി: കഠിനംകുളം പഞ്ചായത്തിലെ പുത്തൻതോപ്പ് പാലം, പുതുക്കുറിച്ചിപാലം എന്നിവ പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പുത്തൻതോപ്പ് പാലം പുതുക്കിപ്പണിയുന്നതിന് 767 ലക്ഷം രൂപയുടെയും പുതുക്കുറിച്ചിപാലം പുതുക്കിപ്പണിയുന്നതിനായി 625 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി V-ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(3) സബ്ജക്ട് കമ്മിറ്റി X-ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ

ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(4) സബ്ജക്ട് കമ്മിറ്റി XII-ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(5) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## അറിയിപ്പ്

### അനൗദ്യോഗിക ബില്ലുകളുടെയും പ്രമേയങ്ങളുടെയും അവതരണാനുമതി സംബന്ധിച്ച്

മി. സ്പീക്കർ: വെള്ളിയാഴ്ച ദിവസങ്ങളിൽ അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതി തേടുന്ന അവസരത്തിൽ കാര്യവിവരപ്പട്ടികയിൽ വളരെയേറെ ബില്ലുകൾ ഉൾപ്പെടുത്തുന്നതിനാൽ അവതരണാനുമതി തേടുന്ന അംഗങ്ങൾക്ക് വളരെ കുറച്ചുസമയം മാത്രമേ സംസാരിക്കുന്നതിന് അവസരം ലഭിക്കാറുള്ളൂ. ഇക്കാര്യത്തിൽ മാറ്റം വരുത്തണമെന്ന് ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മേലിൽ അനൗദ്യോഗിക ബില്ലുകൾ ചർച്ചയ്ക്ക് വരുന്ന അവസരങ്ങളിൽ പരമാവധി അഞ്ച് ബില്ലുകളുടെ അവതരണാനുമതി

പ്രമേയവും മൂന്ന് ബില്ലുകളുടെ തുടർച്ചർച്ചയും മാത്രമേ കാര്യവിവര പട്ടികയിൽ ഉൾപ്പെടുത്തുകയുള്ളൂ. നോട്ടീസ് നൽകിയിട്ടുള്ള അംഗങ്ങളിൽനിന്നും നറുക്കെടുപ്പിലൂടെ മുൻഗണന ലഭിക്കുന്ന അഞ്ച് അംഗങ്ങൾക്ക് ഓരോ ബില്ലിനും അവതരണാനുമതി പ്രമേയം അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നതാണ്.

## ക്രമപ്രശ്നം

### <u>പ്രധാനാദ്ധ്യാപികയുടെ സ്ഥലംമാറ്റം</u>

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>): നിയമസഭാ സമ്മേളനം നടന്നുവരവെ സ്പീക്കറുടെ റൂളിംഗിന് വിരുദ്ധമായി വിദ്യാഭ്യാസ വകുപ്പുമന്ത്രി തിരുവനന്തപുരത്തെ കോട്ടൺഹിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു ചടങ്ങിൽ പങ്കെടുക്കുകയും പ്രധാനാദ്ധ്യാപികയെ സ്ഥലം മാറ്റുകയും ചെയ്ത സംഭവത്തെ സംബന്ധിച്ച് വിശദീകരണം നൽകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): നിയസഭാ സമ്മേളന സമയങ്ങളിൽ പുറത്തുള്ള പരിപാടികളിൽ മന്ത്രിമാരും എം.എൽ.എ.മാരും പങ്കെടുക്കുന്നത് കഴിയുന്നതും ഒഴിവാക്കണമെന്ന് സ്പീക്കർ റൂളിംഗ് നൽകിയിട്ടുണ്ടെങ്കിലും നിയമസഭയുടെ പ്രവർത്തനങ്ങൾക്ക് തടസ്സംവരാത്ത രീതിയിൽ രാവിലെ 11 മണിക്കാണ് ഞാൻ കോട്ടൺഹിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽനടന്ന ചടങ്ങിൽ പങ്കെടുക്കുന്നതിന് സമയം അനുവദിച്ചിരുന്നത്.

എന്നാൽ നിയമസഭയിൽ സബ്മിഷന് മറുപടി നൽകേണ്ടിയിരുന്നതിനാൽ ഉച്ചയ്ക്ക് 12.15-ന് മാത്രമേ എനിക്ക് അവിടെ എത്തിച്ചേരാൻ സാധിച്ചുള്ളൂ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നിയമസഭാ സമ്മേളന സമയങ്ങളിൽ അംഗങ്ങൾ പുറത്തുള്ള പരിപാടികളിൽ പങ്കെടുക്കാൻ പാടില്ലെന്ന സ്പീക്കറുടെ റൂളിംഗ് നിലനിൽക്കുന്നുണ്ട്. അതിന്റെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് മെമ്പർമാർക്ക് അസൗകര്യമുണ്ടാകാത്തവിധത്തിൽ മന്ത്രിമാർക്ക് ചില പരിപാടികളിൽ പങ്കെടുക്കേണ്ടതായി വരും. സഭയിലെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിന്റെ ഭാഗമായാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി കോട്ടൺഹിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽനടന്ന ചടങ്ങിൽ പങ്കെടുക്കാനായി വൈകിയെത്തിയത്. അതിനോടുള്ള പ്രധാനാദ്ധ്യാപികയുടെ സമീപനം  തെറ്റായ രീതിയിലായിരുന്നു. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അവരെ സ്ഥലംമാറ്റുക മാത്രമാണ് ചെയ്തത്. അതുസംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അവർ അപ്പീൽ സമർപ്പിച്ചാൽ ഗവൺമെന്റ് നിശ്ചയമായും  പരിശോധിക്കുന്നതാണ്.

## റൂളിംഗ്

മി. സ്പീക്കർ: നിയമസഭ ചേരുമ്പോൾ അംഗങ്ങൾക്ക് തടസ്സമുണ്ടാകുന്ന രീതിയിൽ മന്ത്രിമാർ പരിപാടികളിൽ പങ്കെടുക്കാൻ പാടില്ലെന്ന് പല സന്ദർഭങ്ങളിലും റൂളിംഗ് നൽകിയിട്ടുണ്ട്. എന്നാൽ ചില അത്യാവശ്യ സന്ദർഭങ്ങളിൽ

മന്ത്രിമാർക്ക് ചില പരിപാടികളിൽ പങ്കെടുക്കേണ്ടതായി വരും. കഴിയുന്നിടത്തോളം സഭ കൂടുമ്പോൾ ഇത്തരം പരിപാടികളിൽനിന്നും മന്ത്രിമാർ ഒഴിഞ്ഞു നിൽക്കുന്നതായിരിക്കും നല്ലത്. അനിവാര്യമായ സന്ദർഭങ്ങളിൽ മാത്രമേ മന്ത്രിമാർ ഇത്തരം ചടങ്ങുകളിൽ പങ്കെടുക്കാൻ പാടുള്ളൂ.

(വിശദീകരണത്തിന് 15 ദിവസത്തെ നോട്ടീസ് കൊടുത്ത ശേഷം മൂന്നാമത്തെ ദിവസം പ്രധാനാദ്ധ്യാപികയെ സ്ഥലംമാറ്റിയ ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുകയാണെന്ന പ്രതിപക്ഷ നേതാവിന്റെ പ്രസ്താവനയ്ക്കുശേഷം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അല്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

## ധനകാര്യം

### 2014-2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

(2656,53,39,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം
(363,65,31,000 രൂപ)

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

പ്രൊഫ. സി. രവീന്ദ്രനാഥ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യ മേഖലയിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച കേരളം ഇന്ന് ഈ രംഗത്ത് പുറകോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. കാൻസർ, ഓട്ടിസം തുടങ്ങിയ രോഗങ്ങളുടെ വർദ്ധന, പകർച്ചവ്യാധികളുടെ വ്യാപനം, മരുന്നുകളുടെ അശാസ്ത്രീയമായ ഉപയോഗം, പ്രമേഹത്തിന്റെയും രക്തസമ്മർദ്ദത്തിന്റെയും ആധിക്യം, പോഷകാഹാരക്കുറവുമൂലമുള്ള ശിശുമരണം, മനുഷ്യശരീരത്തിലെ

മരുന്നുപരീക്ഷണം, അമിതമായ ലഹരി ഉപഭോഗം തുടങ്ങി ആരോഗ്യമേഖലയിൽ കേരളം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് അലോപ്പതി -ആയുർവേദ-ഹോമിയോ-സിദ്ധ മേഖലകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു ആരോഗ്യ നയം രൂപീകരിക്കുന്നതിന് സർക്കാർ തയ്യാറാകണം. ശുദ്ധജലവും ശുദ്ധവായുവും കലർപ്പില്ലാത്ത ഭക്ഷണവുമാണ് രോഗപ്രതിരോധത്തിന് ആവശ്യമെന്ന് മനസ്സിലാക്കി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പിന്തുണയോടെ നീർത്തട പരിപാലന പദ്ധതിക്കും വികേന്ദ്രീകൃത മാലിന്യനിർമ്മാർജ്ജന പദ്ധതിക്കും നേതൃത്വം നൽകണം. ചികിത്സാമേഖലയിൽ ഈ സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. പുതിയ മെഡിക്കൽ കോളേജുകളുണ്ടാക്കുമെന്ന പ്രഖ്യാപനമല്ലാതെ ഇപ്പോഴുള്ള മെഡിക്കൽ കോളേജുകളുടെ നിലവാരം ഉയർത്തുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കാൻസർ ചികിത്സയ്ക്കുള്ള ആധുനിക ഉപകരണങ്ങൾപോലും പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളിലില്ല. തൃശ്ശൂർ മെഡിക്കൽ കോളേജിൽ തിയറ്റർ കോംപ്ലക്സ് തുറന്നു പ്രവർത്തിക്കുന്നതിനും കേടായ മാമോഗ്രാം, ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കുന്നതിനും പേവാർഡ് ആരംഭിക്കുന്നതിനും ആരോഗ്യ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള ഇൻവെസ്റ്റിഗേഷൻ പ്രോട്ടോക്കോൾ, ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ എന്നിവ

പാലിക്കുന്നതിനും നടപടികൾ സ്വീകരിക്കണം. ഗവൺമെന്റ് ആശുപത്രികളിൽ ജീവനക്കാരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും കുറവുകൾ പരിഹരിക്കുന്നതിനായി ഒരു പാക്കേജ് തയ്യാറാക്കാനും ആയുർവ്വേദ മെഡിക്കൽ കോളേജുകളിൽ ഗവേഷണ സൗകര്യം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പണം നീക്കി വയ്ക്കാനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. സണ്ണി ജോസഫ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അടിസ്ഥാനസൗകര്യ വികസനത്തിൽ ആരോഗ്യ വകുപ്പിന് ശ്രദ്ധേയനേട്ടം കൈവരിക്കാൻ സാധിച്ചു. മലയോര ജില്ലകളിലുൾപ്പെടെ മെഡിക്കൽ കോളേജുകൾ ആരംഭിക്കാനും എല്ലാ പഞ്ചായത്തുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങളും ആരംഭിക്കാനും 110 പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കാനും സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. ഏഴ് പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായും ആറ് സി.എച്ച്.സി.-കളെ താലൂക്ക് ആശുപത്രികളായും അഞ്ച് താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായും ആറ് ജില്ലാ ആശുപത്രികളെ ജനറൽ ആശുപത്രികളായും ഉയർത്തുകയും ആവശ്യമായ ജീവനക്കാരും അടിസ്ഥാന സൗകര്യങ്ങളും അനുവദിക്കുകയും ചെയ്ത നടപടി സ്വാഗതാർഹമാണ്. അമ്മയും കുഞ്ഞും, നവജാതശിശു സ്ക്രീനിംഗ് പദ്ധതി,

ഇ-ഹെൽത്ത്, ആരോഗ്യ കിരണം, സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ തുടങ്ങിയ പദ്ധതികളെല്ലാം ജനങ്ങളുടെ ആരോഗ്യ സംരക്ഷണ കാര്യത്തിൽ ഗവൺമെന്റിന്റെ താൽപ്പര്യം വ്യക്തമാക്കുന്നവയാണ്. വിദഗ്ദ്ധ ഡോക്ടർമാരുടെ അഭാവം പരിഹരിക്കുകയും ആശുപത്രികളിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കുകയും ഗ്രാമപ്രദേശങ്ങളിൽ സേവനം ചെയ്യുന്ന ഡോക്ടർമാർക്ക് ഇൻസെന്റീവ് ഏർപ്പെടുത്തുകയും ചെയ്യണം.

ശ്രീ. സി. മമ്മൂട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ആവശ്യത്തിന് ഡോക്ടർമാരും അടിസ്ഥാന സൗകര്യങ്ങളും മരുന്നുകളും ലഭ്യമാക്കുകയും സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ചികിത്സ ലഭിക്കുന്നതിനായി മലയോര ജില്ലകളിലുൾപ്പെടെ പത്ത് പുതിയ മെഡിക്കൽ കോളേജുകൾ പ്രഖ്യാപിക്കുകയും ചെയ്ത നടപടി അഭിനന്ദനാർഹമാണ്. കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുത്തതും പുതിയ പത്ത് മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനായി 1500 കോടി രൂപയും നിലവിലുള്ളവയ്ക്ക് 450 കോടി രൂപയും അനുവദിച്ചതും പ്രശംസനീയമാണ്. 'ആരോഗ്യ കിരണം' പദ്ധതിയിലൂടെ പതിനെട്ട് വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. 110 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്.

നിർമ്മാർജ്ജനം ചെയ്യപ്പെട്ട മാരകരോഗങ്ങൾക്കു പുറമെ പുതിയ രോഗങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് ഗവേഷണം നടത്തുന്നതിനായി നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോളിന്റെ മാതൃകയിൽ ഒരു സെന്റർ ആരംഭിക്കുന്നതിനും ഡെത്ത് ഓഡിറ്റിംഗ് നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. 'ആയുഷ് ' കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കണം. ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ അക്കാദമിക് നിലവാരം ഉയർത്തുകയും റൂറൽ സർവ്വീസ് കോഴ്സിന്റെ ഭാഗമാക്കുകയും ചെയ്യണം. തലശ്ശേരി ജില്ലാ ആശുപത്രിയിൽ കാൻസർ രോഗികൾക്കുവേണ്ടി പ്രത്യേക ബ്ലോക്ക് ആരംഭിക്കുന്നതിനും തിരൂർ ജില്ലാ ആശുപത്രിയെ ജനറലാശുപത്രിയായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. കെ. നാരായണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സ്വകാര്യ ഏജൻസികളെ ഒഴിവാക്കിക്കൊണ്ട് കുറഞ്ഞ വിലയ്ക്ക് മരുന്ന് ശേഖരിക്കാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിക്കുകയും ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തതിലൂടെ മികച്ച ആരോഗ്യപ്രവർത്തനങ്ങളാണ് മുൻ എൽ.ഡി.എഫ്. സർക്കാർ കാഴ്ചവച്ചത്. ഈ സർക്കാർ അധികാരമേറ്റശേഷം ടെൻഡർ ക്ഷണിക്കലും പർച്ചേസ് ഓർഡർ

നൽകലും മന്ദഗതിയിലാക്കിയതിനാൽ ആശുപത്രികളിൽ യഥാസമയം മരുന്നുകൾ ലഭ്യമല്ലാതായിരിക്കുകയാണ്. സ്വകാര്യ മരുന്ന കമ്പനികളെ സഹായിക്കാൻ വേണ്ടിയാണ് ടെൻഡർ മാനദണ്ഡങ്ങൾ പരിഷ്കരിച്ചത്. ആശുപത്രികളിലെ ലോക്കൽ പർച്ചേസ് സംവിധാനം നിർത്തലാക്കിയതുമൂലം മരുന്നുകൾ പുറത്തുനിന്നും വാങ്ങേണ്ട അവസ്ഥയാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. സർക്കാർ ആശുപത്രികളിൽനിന്നും ഡോക്ടർമാർമാർ അവധിയെടുത്തുപോകുന്ന നടപടി തടയുന്നതിനും ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകൾ എന്നീ വിഭാഗങ്ങളിലെ ഒഴിവുകൾ നികത്തുന്നതിനും മരുന്നുകളുടെ ക്ഷാമം പരിഹരിക്കുന്നതിനും ജീവനക്കാർക്ക് നൈറ്റ് ഡ്യൂട്ടി അലവൻസ് ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. കുറഞ്ഞവിലയ്ക്ക് ജനറിക് മരുന്നുകൾ വാങ്ങി വിലകൂട്ടി വിൽക്കുന്ന മെഡിക്കൽ സ്റ്റോറുകൾക്കെതിരെ നടപടി സ്വീകരിക്കണം. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മതിയായ അടിസ്ഥാനസൗകര്യങ്ങളും സി.എച്ച്.സി.കൾ വരെയുള്ള ആശുപത്രികളിൽ ലാബ് സംവിധാനവും ഏർപ്പെടുത്തണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കാനുള്ള തീരുമാനം

സ്വാഗതാർഹമാണ്. ആരോഗ്യമേഖലയുടെ സംരക്ഷണത്തിന് പര്യാപ്തമായ തുക വകയിരുത്തിയതിലൂടെ സർക്കാരിന് ഈ രംഗത്തുള്ള ശ്രുഷ്കാന്തിയെയാണ് സൂചിപ്പിക്കുന്നത്. അമ്മയും കുഞ്ഞും, കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം, വരുമാനഭേദമില്ലാതെ സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കൽ തുടങ്ങിയ വിവിധ പദ്ധതികൾ സ്വാഗതാർഹമാണ്. ആരോഗ്യസേവനം ഗ്രാമീണതലങ്ങളിൽ മികവോടുകൂടി നടപ്പാക്കുകയെന്ന നയമാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 250 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലാബ് സംവിധാനമേർപ്പെടുത്തിയതും കുട്ടികളിലെ ജനിതകവൈകല്യങ്ങൾ പരിഹരിക്കാൻ 59 സർക്കാർ ആശുപത്രികളിൽ സംവിധാനമേർപ്പെടുത്തിയതും ജീവിതശൈലി രോഗങ്ങളെ നേരിടാൻ 'അമൃതം ആരോഗ്യം' പദ്ധതി നടപ്പാക്കിയതും അഭിനന്ദനാർഹമാണ്. പി.എച്ച്.സി.-കൾ സി.എച്ച്.സി.-കളാക്കി അപ്ഗ്രേഡ് ചെയ്തതും ആയുർവ്വേദ-ഹോമിയോ ആശുപത്രികൾ ആരംഭിച്ചതും നാല് സർക്കാർ ആശുപത്രികൾക്ക് ദേശീയ പുരസ്കാരം ലഭിച്ചതും ഈ സർക്കാരിന്റെ ഭരണനേട്ടമാണ്. ആരോഗ്യവകുപ്പിൽ 4983 തസ്തികകൾ സൃഷ്ടിച്ചതിനെതിരെ പ്രതിപക്ഷം ഉന്നയിക്കുന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ഇടുക്കി ജില്ലയിൽ പടർന്നുപിടിക്കുന്ന ക്യാൻസർ രോഗത്തിന് പരിഹാരം കണ്ടെത്തുന്നതിനും വാത്തിക്കുടി സി.എച്ച്.സി.-യെ

ബ്ലോക്ക് സി.എച്ച്.സി.-യായി അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. ഇടുക്കി ജില്ലയിലെ സർക്കാർ ആശുപത്രികളിൽ തൈറോയ്ഡ് ഫംഗ്ഷൻ ടെസ്റ്റ് സൗജന്യമായി നടത്തുന്നതിനും ജില്ലയിലെ മലയോര മേഖലയിൽ താമസിക്കുന്നവരിൽ രോഗ നിർണ്ണയം നടത്തി പ്രതിവിധി കണ്ടെത്തുന്നതിനും പ്രത്യേക കർമ്മ പരിപാടി ആവിഷ്കരിക്കണം. ഇടുക്കി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള പ്രത്യേക ഇടപെടലുണ്ടാകണം. ജില്ലാ ആശുപത്രിയിൽ ഓർത്തോ, പീഡിയാട്രിക്, സൈക്യാട്രി വിഭാഗങ്ങളിൽ ഡോക്ടർമാരെ നിയമിക്കണം. മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങൾക്ക് ഏകീകൃത സ്വഭാവമുണ്ടാകാനും ഡോക്ടർമാരുടെ നിയമനവും മറ്റ് കാര്യങ്ങളും പരിഗണിക്കാനും പ്രത്യേക സെൽ രൂപീകരിക്കണം. എൻ.ആർ.എച്ച്.എം. വഴി കൂടുതൽ ഡോക്ടർമാരെ നിയമിക്കണം. ഇടുക്കി ജില്ലയിലെ അപൂർവ്വ രോഗം ബാധിച്ച കുട്ടികൾക്ക് ആവശ്യമായ ചികിത്സാ സഹായവും മരുന്നും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചത് പ്രത്യേകം ശ്രദ്ധേയമാണ്. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ആംബുലൻസ് ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ ഡ്രൈവർമാരെ നിയമിക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീ. എം. പി. വിൻസെന്റ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മാതൃകാപരമായ പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്നത്. 'ആരോഗ്യ കേരളം പദ്ധതി'യിലൂടെ വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നാട്ടറിവ് മുതൽ ആധുനിക വൈദ്യശാസ്ത്ര സങ്കേതങ്ങൾവരെ കോർത്തിണക്കിയ ചികിത്സാ സംവിധാനം നടപ്പിലാക്കണം. ഗ്രാമീണ, വനമേഖലകളിൽ കൂടുതൽ പി.എച്ച്.സി.-കൾ സ്ഥാപിക്കാനും മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ കാര്യക്ഷമമാക്കാനും ശുദ്ധജല ലഭ്യത ഉറപ്പുവരുത്താനും ബയോ ടെക്നോളജി സങ്കേതങ്ങൾ ഉപയോഗിച്ച് കൊതുക് വളർച്ച തടയാനും നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് പടർന്നുപിടിച്ച പനി നിയന്ത്രണ വിധേയമാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കാലാവധി കഴിഞ്ഞതും നിരോധിച്ചതുമായ മരുന്നുകൾ വിൽക്കുന്ന മെഡിക്കൽ സ്റ്റോറുകൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. മനുഷ്യരിൽ അനധികൃത മരുന്നു പരീക്ഷണം നടത്തുന്നത് തടയണം. ആയുർവേദ രംഗത്ത് വർദ്ധിച്ചുവരുന്ന വ്യാജ മരുന്നുകൾ നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്തുകയും ഹെൽത്ത് റെഗുലേഷൻ ആക്ട് കൊണ്ടുവരികയും ചെയ്യണം. ജീവൻ രക്ഷാ മരുന്നുകൾക്കും ശസ്ത്രക്രിയ ഉപകരണങ്ങൾക്കും അമിത വില ഈടാക്കുന്നത്

നിയന്ത്രിക്കണം. മരുന്നുകളിൽ പുതിയ ഘടക പദാർത്ഥങ്ങൾ കൂട്ടിച്ചേർത്ത് കൂടിയ വില ഈടാക്കുന്നത് തടയാൻ കേന്ദ്ര സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കാൻ നിയമഭേദഗതി കൊണ്ടുവരണം. ആയുർവേദ മരുന്നുകളിൽ സ്റ്റിറോയ്ഡ് ചേർത്ത് വിതരണം ചെയ്യുന്ന പ്രവണത തടയണം. ഗ്രാമീണ ആശുപത്രികളിൽ എക്സ്-റേ, ഇ.സി.ജി. സൗകര്യങ്ങൾ ഏർപ്പെടുത്തണം. തകരാറിലായ ഉപകരണങ്ങൾ റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കണം. ജീവിത ശൈലി രോഗങ്ങൾക്ക് യഥാസമയം ചികിത്സ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തണം. മാനസികരോഗം ഭേദമായവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കണം. കാൻസർരോഗ ചികിത്സയ്ക്കായി അത്യാധുനിക മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കണം. ശിശുമരണ നിരക്ക് കുറയ്ക്കാനുള്ള നടപടി അഭിനന്ദനാർഹമാണ്. വന്ധ്യതാചികിത്സയുടെ പേരിൽ സ്വകാര്യ ആശുപത്രികൾ നടത്തുന്ന കൊള്ള നിയന്ത്രിക്കണം. ജനറിക് മരുന്നുകളുടെ വിൽപ്പനയ്ക്കായി കൂടുതൽ സർക്കാർ സംവിധാനങ്ങൾ സജ്ജമാക്കണം. ഹോമിയോപ്പതി ചികിത്സയ്ക്ക് കൂടുതൽ പ്രചാരണം നൽകണം. ആന്റിബയോട്ടിക്കുകളുടെ പാർശ്വഫലങ്ങൾ ജനങ്ങളെ

ബോധ്യപ്പെടുത്താനും അവയുടെ ഉപയോഗം പരിമിതപ്പെടുത്താനും കഴിയണം. ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന പി.എച്ച്.സി.കളും കൗമാരപ്രായക്കാർക്ക് ഗൈഡൻസും കൗൺസിലിംഗും നൽകുന്ന പദ്ധതിയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒല്ലൂർ മണ്ഡലത്തിലെ പട്ടിക്കാട് പി.എച്ച്.സി.യെ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തനക്ഷമമാക്കാനും കിടത്തി ചികിത്സ ഏർപ്പെടുത്താനും നടപടിയുണ്ടാകണം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് വമ്പിച്ച നേട്ടങ്ങൾ കൈവരിക്കുകയും ലോകശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്ത ആരോഗ്യമേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമാണ്. വൃദ്ധജനങ്ങളുടെ ആരോഗ്യം, പരിരക്ഷ എന്നിവയ്ക്കായി കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുണ്ടാകണം. മെച്ചപ്പെട്ട സാമൂഹിക ആരോഗ്യം കെട്ടിപ്പടുക്കുകയെന്നതാണ് പകർച്ചവ്യാധികളെ പ്രതിരോധിക്കാനുള്ള മാർഗ്ഗം. മാലിന്യനിർമ്മാർജ്ജന പദ്ധതികളൊന്നും സാക്ഷാത്ക്കരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ല. കേരളത്തിലെ നഗരങ്ങളെല്ലാം മാലിന്യക്കൂമ്പാരമായി

മാറുകയാണ്. നദികളിലേയ്ക്ക് മാലിന്യങ്ങൾ ഒഴുക്കിവിടുന്നത് തടയാനോ നടപടിയെടുക്കാനോ ഉത്തരവാദപ്പെട്ടവർ തയ്യാറാകുന്നില്ല. ആരോഗ്യപരിപാലന ചെലവ് ഗണ്യമായി വർദ്ധിച്ചിരിക്കുകയാണ്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ഗവൺമെന്റ് ആശുപത്രികളിൽ ആധുനിക ചികിത്സാ സംവിധാനങ്ങളും ഉപകരണങ്ങളും ഏർപ്പെടുത്തുകയും ചികിത്സാചെലവ് കുറയ്ക്കുകയും വേണം. ഗവൺമെന്റ് ആശുപത്രികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ച ഫലപ്രദമായ നടപടികളിലൂടെ സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും മെഡിക്കൽ കോളേജുകളെ റഫറൽ ആശുപത്രികളാക്കി മാറ്റാനും കഴിഞ്ഞിരുന്നു. കേരളത്തിന്റെ ആരോഗ്യ മേഖല സ്വകാര്യ സംരംഭകർക്ക് തുറന്നുകൊടുക്കുന്ന നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭ്യമാക്കണം. ഗവൺമെന്റ് ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് പ്രാധാന്യം നൽകുന്നില്ല എന്നത് അപലപനീയമാണ്. കോട്ടയം മെഡിക്കൽ

കോളേജിന്റെ ശോചനീയാവസ്ഥയ്ക്ക് അടിയന്തര പരിഹാരമുണ്ടാകണം. മരുന്നുകൾ ന്യായവിലയ്ക്ക് ലഭ്യമാക്കാനും കെ.എസ്.ഡി.പി.യെ ശക്തിപ്പെടുത്തുന്നതോടൊപ്പം അവശ്യ മരുന്നുകൾ ഉല്പാദിപ്പിക്കുന്ന പുതിയ മരുന്ന് കമ്പനി ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മാലിന്യ നിർമ്മാർജ്ജനത്തിന് ശാശ്വത പരിഹാരമുണ്ടാക്കുകയും കീടനാശിനികളും മായവും ചേർക്കാത്ത ഭക്ഷണം ലഭ്യമാക്കാനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യണം. കേരളത്തിന്റെ തെറ്റായ ഭക്ഷണ രീതിയെക്കുറിച്ച് സമഗ്രമായ പഠനം നടത്തുകയും ഭക്ഷണ ശീലത്തെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും ചെയ്യണം. ഭക്ഷണശാലകളിൽ പരിശോധന നടത്തുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകണം. സ്വകാര്യ സ്കാനിംഗ് സെന്ററുകളുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് സർക്കാർ ആശുപത്രികളിൽ സ്കാനിംഗ് സെന്ററുകൾ സ്ഥാപിക്കണം. ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിനായി ആശുപത്രികളിൽ മോഡേൺ ടെക്നോളജി ഉപയോഗിക്കണം. 1964-ലെ സ്റ്റാഫ് പാറ്റേൺ പുതുക്കി ഡോക്ടർമാർ, നഴ്സുമാർ, പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരുടെ എണ്ണം വർദ്ധിപ്പിച്ച്

ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തണം. ശബരിമലയിലെ മാലിന്യ നിർമ്മാർജ്ജന പ്രവൃത്തി പൂർത്തീകരിക്കണം. കൊല്ലം ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനും കുന്നത്തൂർ താലൂക്ക് ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. ശിവദാസൻ നായർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ രംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കാരുണ്യ പദ്ധതി ആരംഭിച്ചതുവഴി മാരക രോഗികളായ പാവപ്പെട്ടവർക്കും ബധിരരും മൂകരുമായ കുട്ടികൾക്കും ചികിത്സാ ധനസഹായം നൽകാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പനിബാധിതരുടെ എണ്ണം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. എസ്. എ. ടി. ആശുപത്രിയിൽ എൺപത് കോടി രൂപ മുടക്കി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആരോഗ്യ വകുപ്പിൽ 4983 തസ്തികകൾ സൃഷ്ടിക്കുന്നതിനും കൂടുതൽ എൻ.ആർ.എച്ച്.എം. തുക കേന്ദ്രഗവൺമെന്റിൽനിന്നും നേടിയെടുക്കുന്നതിനും ജില്ലാ/ജനറൽ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകളും പൊതുമേഖലയിൽ മെഡിക്കൽ കോളേജുകളും ആരംഭിക്കുന്നതിനും ഈ സർക്കാരിന് സാധിച്ചു. സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനങ്ങൾ

നിയന്ത്രിക്കുന്നതിനും സ്വകാര്യ മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ വിലയിരുത്തുന്നതിനും നടപടിയുണ്ടാകണം. ഗവൺമെന്റ് ഡോക്ടർമാർ സ്വകാര്യ ഡയഗ്നോസ്റ്റിക് സെന്ററുകളിലേയ്ക്കും ലാബുകളിലേയ്ക്കും റഫർ ചെയ്യുന്നത് അവസാനിപ്പിക്കുന്നതിന് നിയമനിർമ്മാണമുൾപ്പെടെയുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അഴിമതിവിമുക്തവും സുതാര്യവുമാക്കുകയും കെ.എസ്.ഡി.പി.-യെ കാര്യക്ഷമമാക്കുകയും ചെയ്യണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ആശുപത്രികളിൽ രോഗികളെക്കൊണ്ട് നിറയുകയും പനിവന്ന് മരിക്കുന്നവരുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നു. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് കരാർ ഉണ്ടാക്കാതെ നൂറ് ശതമാനം സീറ്റുകളും മാനേജ്മെന്റുകൾക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അഴിമതി വിമുക്തമാക്കുകയും അവിടെ നടക്കുന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുകയും വേണം. മരുന്നുകളുടെ ഗുണനിലവാര പരിശോധന യഥാസമയം നടത്താനുള്ള നടപടി സ്വീകരിക്കണം. നിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്യാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നുകമ്പനികൾക്ക് ഒത്താശ ചെയ്തുകൊടുക്കുകയാണ്. 23 താലൂക്ക്

ആശുപത്രികളിൽ അൾട്രാ സൗണ്ട് സ്കാനിംഗ് മെഷിനുള്ളതിൽ 19 എണ്ണവും പ്രവർത്തനക്ഷമമല്ല. പൊതുആരോഗ്യ മേഖലയിലെ അഴിമതിയെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്തണം.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഓരോ ജില്ലയിലും ഒരു മെഡിക്കൽ കോളേജ് എന്ന നയത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തുനിന്ന് അപ്രത്യക്ഷമായ രോഗങ്ങളും പുതുതായി കണ്ടെത്തിയിരിക്കുന്ന രോഗങ്ങളും ജനങ്ങളെ ആശങ്കപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുകയും ജനസംഖ്യാനുപാതികമായി ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുകയും ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരെ നിയോഗിക്കുകയും ചെയ്യണം. ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ ക്യാൻസർ പ്രി-ഡിറ്റക്ഷനുള്ള സംവിധാനങ്ങളുണ്ടാക്കണം. മലപ്പുറം ജില്ലയിൽ പുതിയ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ക്യാൻസർ രോഗ ചികിത്സാ സൗകര്യങ്ങളൊരുക്കണം. വള്ളുവമ്പുറം ആയുർവ്വേദ ആശുപത്രിയിൽ തസ്തിക സൃഷ്ടിച്ച് ആവശ്യമായ ജീവനക്കാരെ നിയമിക്കണം. കൊണ്ടോട്ടി സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്തണം.

ശ്രീ. മാത്യു റ്റി. തോമസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പകർച്ച

വ്യാധികൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ മരുന്നുവില നിയന്ത്രിക്കാൻ സംവിധാനങ്ങളില്ല. സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാരോ സൗകര്യങ്ങളോ ഇല്ല. മെഡിക്കൽ കോളേജ് ആശുപത്രികൾ രോഗികൾക്ക് അപ്രാപ്യമാകുന്ന സ്ഥിതിവിശേഷമാണ് കണ്ടുവരുന്നത്. ഡെങ്കിപ്പനി അടക്കമുള്ള മാരക രോഗങ്ങൾ പടരുന്ന സാഹചര്യത്തിൽ ശുദ്ധജല വിതരണത്തിനോ കൊതുക് നിർമ്മാർജ്ജനത്തിനോ പൊതുജനാരോഗ്യ ശൃംഖല ശക്തിപ്പെടുത്തുന്നതിനോ വേണ്ട ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യരംഗത്ത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ നിലനിറുത്താനാകുന്നില്ല. കേരളം ഇന്ന് ജീവിതശൈലി രോഗങ്ങളുടെ പിടിയിൽ അകപ്പെട്ടിരിക്കുകയാണ്. പ്രൈമറി ഹെൽത്ത് സെന്ററുകൾ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുന്ന അവസ്ഥയാണുള്ളത്. ഡെങ്കിപ്പനി, ചിക്കൻഗുനിയ, എലിപ്പനി, പന്നിപ്പനി എന്നീ രോഗങ്ങളുടെയും മദ്യപാനം, മയക്കുമരുന്ന് എന്നീ വിപത്തുകളുടെയും പിടിയിൽ കേരളം അകപ്പെട്ടിരിക്കുന്നു. മാനസികരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരികയും ആത്മഹത്യ പെരുകുകയും ചെയ്യുന്നു. റോഡപകടങ്ങൾ വർദ്ധിച്ചുവരികയും സംസ്ഥാനത്തുനിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട പല രോഗങ്ങളും തിരിച്ചുവരികയും ചെയ്യുന്നു. പ്രതിരോധ

വാക്സിനുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തണം. ആശാവർക്കർമാരുടെ വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിന് നടപടി സ്വീകരിക്കണം. സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകളും ബ്ലഡ് ബാങ്കുകളിൽ ആവശ്യത്തിന് രക്തവും ലഭ്യമാക്കണം.

ശ്രീ. വി. ഡി. സതീശൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യരംഗത്ത് മുമ്പുണ്ടായിരുന്ന നേട്ടങ്ങൾ അതേപടി നിലനിറുത്തുന്നതിന് സാധിക്കുന്നില്ല. ജീവിതശൈലിരോഗങ്ങൾ വ്യാപകമായി വർദ്ധിക്കുന്നതിന്റെ കാരണം കണ്ടെത്തി പരിഹാര നടപടി സ്വീകരിക്കണം. മാലിന്യ നിർമ്മാർജ്ജനത്തിലെ പോരായ്മകളാണ് പകർച്ചവ്യാധികളുടെ വ്യാപനത്തിന് കാരണമാകുന്നത്. മരുന്നുകമ്പനികളുടെ ആദായം കൈപ്പറ്റി ഒരു മാനദണ്ഡവുമില്ലാതെ ഏതു മരുന്നിനും ലൈസൻസ് നൽകുന്ന സമ്പ്രദായവും ഈ രംഗത്തെ മാഫിയാപ്രവർത്തനവും അവസാനിപ്പിക്കണം. മരുന്നുകളുടെ അമിതവില നിയന്ത്രിക്കുന്നതിന് ഉല്പാദനച്ചെലവ് അടിസ്ഥാനമാക്കി വില നിശ്ചയിക്കുന്ന സംവിധാനമുണ്ടാകണം. കാരുണ്യ ഫാർമസികളുടെ പ്രവർത്തനം അട്ടിമറിക്കാൻ ശ്രമിക്കുന്ന എ.കെ.സി.ഡി.എ. എന്ന സംഘടനക്കെതിരെ ശക്തമായ നിലപാടെടുക്കണം. സാധാരണക്കാരെ കൊള്ളയടിക്കുന്ന സ്വകാര്യ ലാബുകളെ നിയന്ത്രിക്കുന്നതിനും ടെസ്റ്റുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം. സർക്കാർ

മേഖലയിൽ പത്ത് മെഡിക്കൽ കോളേജുകൾ തുടങ്ങാനുള്ള തീരുമാനം നടപ്പിലാക്കുന്നതോടൊപ്പം നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനും ആയുർവേദ രംഗത്ത് കേന്ദ്ര പദ്ധതികളിൽ നിന്നുമുള്ള സഹായം നേടിയെടുക്കുന്നതിനായി ആയുഷ് ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതിനും ഭക്ഷ്യവസ്തുക്കളിലെ മായംചേർക്കൽ തടയുന്നതിന് ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെ കീഴിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. നിലവിലുള്ള പദ്ധതികളെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് ആവിഷ്ക്കരിക്കണം. വർദ്ധിച്ചുവരുന്ന രോഗങ്ങളുടെ മൂലകാരണം കണ്ടെത്തണം. ഗവേഷണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ പ്രത്യേകം തുക അനുവദിക്കണം.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള അവശ്യമരുന്നുകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതിനും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട മുഴുവൻപേർക്കും സൗജന്യമായി മരുന്നുകൾ നൽകുന്നതിനും ഗ്രാമപ്രദേശങ്ങളിൽ ഡോക്ടർമാരുടെ നിർബന്ധിത സേവനം ഉറപ്പുവരുത്തുന്നതിനും എൻ.ആർ.എച്ച്.എം. വഴി ഡോക്ടർമാരെ നിയമിക്കുന്നതിനും കേന്ദ്ര സഹായത്തോടെ ആവിഷ്ക്കരിക്കപ്പെട്ട

ഇ-ഹെൽത്ത് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനും കൂടുതൽ ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. ലീവിലുള്ള ഡോക്ടർമാരോട് ജോലിയിൽ പ്രവേശിക്കാൻ ആവശ്യപ്പെടുകയും അതിന് തയ്യാറാകാത്തവരെ പിരിച്ചുവിടാനുള്ള നടപടി സ്വീകരിക്കുകയും വേണം. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഓപ്പറേഷൻ തിയറ്റർ കോംപ്ലക്സിന്റെ നിർമ്മാണപ്രവൃത്തികൾ റീ-ടെണ്ടർ ചെയ്ത് പൂർത്തിയാക്കി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുകയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പുതിയ ബ്ലോക്കിന് അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും കോഴിക്കോട് സ്പോർട്സ് മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ടിനാവശ്യമായ തസ്തികകൾ അനുവദിച്ച് നിയമനം നടത്തുകയും ചെയ്യണം. സെന്റർ ഓഫ് എക്സലൻസ് സ്റ്റാറ്റസിലേയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജിനെ ഉയർത്തുന്നതിനും പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് അനുവദിക്കാനും നടപടി സ്വീകരിക്കണം. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മാനദണ്ഡങ്ങൾക്കു വിരുദ്ധമായി നടത്തുന്ന ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ സംബന്ധിച്ച് പരിശോധന നടത്തണം. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മാനദണ്ഡങ്ങൾക്കു വിരുദ്ധമായി നടത്തുന്ന ഇന്റർ

ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ സംബന്ധിച്ച് പരിശോധന നടത്തണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ആരോഗ്യ രംഗത്ത് ബൃഹത്തായ പദ്ധതികൾ ആവിഷ്കരിച്ചതിന്റെ ഫലമായി മാതൃ-ശിശു മരണനിരക്ക് ഗണ്യമായി കുറയ്ക്കാനും ആയുർദൈർഘ്യം വർദ്ധിപ്പിക്കാനും ആരോഗ്യ പരിപാലന രംഗത്തെ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ പ്ലാൻ ഫണ്ടിൽ അനുവദിച്ച 2095 കോടി രൂപയിൽ 99% തുകയും ചെലവഴിക്കാനും സാധിച്ചിട്ടുണ്ട്. അമ്മയും കുഞ്ഞും പദ്ധതിപ്രകാരം സൗജന്യ പ്രസവ ചികിത്സ സാദ്ധ്യമാക്കുകയും 44 ആശുപത്രികളിൽ നവജാത ശിശു സ്ക്രീനിംഗ് പദ്ധതി ആരംഭിക്കുകയും പതിനെട്ട് വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി ആരോഗ്യ കിരണം പദ്ധതി ആവിഷ്കരിക്കുകയും ജനറിക് മെഡിസിനുകൾ സൗജന്യമായി വിതരണം ചെയ്തുവരികയുമാണ്. മിഷൻ 676 പദ്ധതിയിലുൾപ്പെടുത്തി നൂറ് ദിവസങ്ങൾക്കകം അഞ്ചും 200 ദിവസങ്ങൾക്കകം പത്തും കാരുണ്യ ഫാർമസികൾകൂടി ആരംഭിക്കുന്നതാണ്. 1920 നഴ്സുമാരെ പുതിയതായി നിയമിച്ചുകൊണ്ട് 13486 സ്കൂളുകളിൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാം

നടപ്പാക്കിവരികയാണ്. എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകൾ (DEIC) ആരംഭിച്ചിട്ടുണ്ട്. ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ അവയർനെസ് പദ്ധതി (LEAP) നടപ്പിലാക്കുന്നുണ്ട്. അഞ്ച് വയസ്സിനു താഴെയുള്ള കുട്ടികൾക്ക് പെന്റാവലന്റ് വാക്സിൻ നൽകുകയും ആറ് മുതൽ പന്ത്രണ്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് ആഴ്ചതോറും അയൺഫോളിക് ഗുളികകൾ സ്കൂളുകൾവഴി വിതരണം ചെയ്യുന്നുമുണ്ട്. ജീവിതശൈലി രോഗങ്ങളെ നേരിടുന്നതിനായി അമൃതം ആരോഗ്യം പദ്ധതിക്ക് രൂപം നൽകുകയും പുകയില ഉല്പന്നങ്ങൾ നിരോധിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ആർ.സി.സി.-യിൽ 120 കോടി രൂപ ചെലവിട്ട് ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്. മലബാർ ക്യാൻസർ സെന്ററിൽ ശമ്പള വർദ്ധനവ് അനുവദിക്കുകയും 118 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചിയിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുകയും സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ടേർഷ്യറി ക്യാൻസർ സെന്റർ ആരംഭിക്കുന്നതിനുവേണ്ടി 45 കോടി

രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. 5 മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി.കൾ ആരംഭിക്കുന്നതാണ്. സർക്കാർ ആശുപത്രികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ സ്റ്റാഫും മരുന്നും നൽകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ആരോഗ്യവകുപ്പിൽ നാലായിരത്തി അഞ്ഞൂറിലധികം തസ്തികകൾ ക്രിയേറ്റ് ചെയ്യുകയും 25 പഞ്ചായത്തുകളിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്തെ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, ചേർത്തല താലൂക്കാശുപത്രി, ആലുവയിലെ ബ്ലഡ് ബാങ്ക് എന്നിവയ്ക്ക് എൻ.എ.ബി.എച്ച് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി സംസ്ഥാന തലത്തിൽ ' കാഷ് പദ്ധതി ' (കേരള അക്രഡിറ്റേഷൻ സ്റ്റാന്റേർഡ്സ് ഫോർ ഹോസ്പിറ്റൽ)-ക്ക് രൂപം നൽകിയിട്ടുണ്ട്. 20 സർക്കാർ ആശുപത്രികളിൽ ട്രോമാ കെയർ യൂണിറ്റുകളും താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകളും ആരംഭിക്കുന്നതാണ്. ഇടുക്കി ജില്ലയിൽ സി.ടി. സ്കാൻ യൂണിറ്റ് ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. എം. എൽ.എ./എം.പി. ഫണ്ട് ഉപയോഗിച്ച് കേരളത്തിലെ മുഴുവൻ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാൻ

നടപടി സ്വീകരിക്കുന്നതാണ്. 250 പി.എച്ച്.സി.കളിൽ മിനി ലാബും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജനറൽ ആശുപത്രികളിൽ കാത്ത് ലാബുകളും ആരംഭിക്കുന്നതാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കൊല്ലത്ത് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. പുതുതായി രൂപീകരിച്ച താലൂക്കുകളിൽ താലൂക്കാശുപത്രികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ആലപ്പുഴ ജില്ലയിൽ ഈ വർഷവും തൃശ്ശൂർ ജില്ലയിൽ അടുത്ത വർഷവും ഡെന്റൽ കോളേജുകൾ പ്രവർത്തനമാരംഭിക്കുന്നതാണ്. തിരുവനന്തപുരം എസ്. എ. ടി ആശുപത്രിയിൽ ഐ.വി.എഫ്. ട്രീറ്റ്മെന്റ് ആരംഭിക്കുകയും ബാക്കി മെഡിക്കൽ കോളേജുകളിൽ ഘട്ടംഘട്ടമായി ആരംഭിക്കുന്നതുമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനും എല്ലാ മെഡിക്കൽ കോളേജുകളിലും എമർജൻസി ആന്റ് ക്രിട്ടിക്കൽ വിഭാഗം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ ആശുപത്രികളിലെ രോഗികളുടെ രോഗവിവരങ്ങൾ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന 'ഇ-ഹെൽത്ത്' പ്രോഗ്രാം അഞ്ച് ജില്ലകളിൽ ഉടനെ ആരംഭിക്കുന്നതും 108 ആംബുലൻസ് സംവിധാനം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതുമാണ്. സർക്കാർ ആശുപത്രികളിൽ 'ഉഷസ്' പദ്ധതി നടപ്പിലാക്കുന്നതാണ്. സമ്പൂർണ്ണ ആയുർവേദ

സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി നാല് പഞ്ചായത്തുകളിൽക്കൂടി ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതാണ്. 110 ഹോമിയോ ആശുപത്രികൾ ആരംഭിച്ചതിനു പുറമെ ബാക്കിയുള്ള സ്ഥലങ്ങളിൽ പ്രസ്തുത ആശുപത്രികൾ ഉടൻതന്നെ ആരംഭിക്കുന്നതുമാണ്. സംസ്ഥാനത്ത് ആയുഷ് ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. സമഗ്ര ആരോഗ്യ പദ്ധതിയിലൂടെ ആരോഗ്യവും ആരോഗ്യ അനുബന്ധ മേഖലകളിലേയ്ക്കു തദ്ദേശ സ്ഥാപനങ്ങളിൽനിന്ന് ഈ വർഷം 400 കോടി രൂപ സമാഹരിക്കാൻ ഉദ്ദേശിക്കുന്നു; ഇതിൽ മികവ് പുലർത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ കേരളം പുരസ്കാരം നൽകുന്നതാണ്. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും 10 മുനിസിപ്പാലിറ്റികളിലും NUHM പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും അവയവം മാറ്റിവയ്ക്കൽ ചികിത്സ ഒഴികെയുള്ള എല്ലാ ചികിത്സകളും സൗജന്യമായി ലഭ്യമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പേവാർഡ് ഉടനെ ആരംഭിക്കുന്നതാണ്. കേരളത്തിന് അനുവദിച്ച All India Institute of Medical Sciences എവിടെ സ്ഥാപിക്കണമെന്നകാര്യം സർക്കാർ കൂട്ടായി ആലോചിച്ച്

തീരുമാനിക്കുന്നതാണ്. സ്വകാര്യ/സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ചചെയ്ത് ഉടൻതന്നെ തീരുമാനമെടുക്കുന്നതാണ്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ സംബന്ധിച്ച ആരോപണങ്ങളിന്മേൽ എ.ജി.-യുടെ നിലവിലുള്ള പരിശോധന പൂർത്തിയായശേഷം ആവശ്യമായ അന്വേഷണം നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും 58-നെതിരെ 71 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## അറിയിപ്പ്

### ശ്രീ. പി. ശ്രീരാമകൃഷ്ണൻ, എം.എൽ.എ. അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്മേലുള്ള അന്വേഷണ റിപ്പോർട്ട്

മി. സ്പീക്കർ : കൊച്ചി ചിലവന്നൂർ കായൽ കയ്യേറി ഡി.എൽ.എഫ് സ്ഥലം എടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച അടിയന്തര

പ്രമേയത്തിന്മേൽ ഒരാഴ്ചയ്ക്കകം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്ന് ബന്ധപ്പെട്ട വകുപ്പുമന്ത്രി സഭയെ അറിയിച്ചിരുന്നു. നിയമസഭയിൽ അറിയിച്ച രൂപത്തിലുള്ള അന്വേഷണം നടക്കുന്നതായി ചീഫ് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും ഇതുസംബന്ധിച്ച ഫയലുകൾ 24-06-2014 -ന് വൈകിയാണ് ചീഫ് സെക്രട്ടറിയുടെ പക്കൽ എത്തിയതെന്നാണ് അറിഞ്ഞതെന്നും അന്വേഷണം പൂർത്തിയാക്കി പ്രസ്തുത റിപ്പോർട്ട് ലഭിച്ചാലുടൻ അംഗത്തെ വിവരം അറിയിക്കാമെന്നും കാലതാമസം നേരിട്ടതിൽ ഖേദം രേഖപ്പെടുത്തുന്നുവെന്നും മന്ത്രി അറിയിച്ചിട്ടുണ്ട്.

സഭ വൈകുന്നേരം 5.08-ന് പിരിഞ്ഞു.

**********************